(ബി) 21,694 (ഇരുപത്തൊരായിരത്തി അറുന്നൂറ്റിതൊണ്ണൂറ്റിനാല്)

(സി) പ്രൈവറ്റ് വിദ്യാർത്ഥികൾ 3299 (മൂവായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റിയൊമ്പത്)

അല്ലാത്തവർ—18,395 (പതിനെണ്ണായിരത്തി മുന്നൂറ്റിതൊണ്ണൂറ്റിയഞ്ച്)

പ്രീഡിഗ്രി പരീക്ഷയുടെ ഒറിജിനൽ മാർക്ക് ലിസ്റ്റ്

1424 [2154] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-ൽ നടത്തിയ പ്രീഡിഗ്രി പരീക്ഷയുടെ ഒറിജിനൽ മാർക്ക് ലിസ്റ്റിന് 50 രൂപ വീതം കേരളാ സർവ്വകലാശാല ഈടാക്കിയിരുന്നോ ;

(ബി) ഇതനുസരിച്ച് എത്ര കുട്ടികൾ പണം അടച്ച് മാർക്ക് ലിസ്റ്റിന് അപേക്ഷിച്ചിരുന്നു ?

ഉത്തരം

(എ) ഈടാക്കിയിരുന്നു.

(ബി) 1317 (ആയിരത്തി മുന്നൂറ്റി പതിനേഴ്) പേർ

പ്രീഡിഗ്രി ബോർഡ്, ഓപ്പൺ യൂണിവേഴ്സിറ്റി എന്നിവയെപ്പറ്റി ചർച്ച ചെയ്യാമെന്ന ധാരണ

1425 [2156] ശ്രീമതി കെ. ആർ. ഗൗരി
ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, വി. കേശവൻ
,, എം. ജിനദേവൻ
,, വി. എസ്. ചന്ദ്രശേഖരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീഡിഗ്രി ബോർഡും ഓപ്പൺ യൂണിവേഴ്സിറ്റിയും ആരംഭിക്കുന്നതിനു മുൻപ് ബന്ധപ്പെട്ട എല്ലാ സംഘടനകളുമായി ചർച്ച ചെയ്ത് ഒരു ഏകീകൃത സമീപനം സ്വീകരിക്കണമെന്ന ധാരണ ഈ സർക്കാരും സംഘടനകളും തമ്മിൽ ഉണ്ടായിരുന്നുവോ ? എങ്കിൽ എന്നാണീ ധാരണയുണ്ടാക്കിയത് ;

(ബി) ഇതനുസരിച്ച് ബന്ധപ്പെട്ട സംഘടനകളുമായി ചർച്ച ചെയ്തോ ? ഇല്ലയെങ്കിൽ കാരണമെന്ത് ?

ഉത്തരം

(എ) പ്രീഡിഗ്രി ബോർഡ് രൂപീകരണത്തെ സംബന്ധിച്ചിടത്തോളം വൈസ് ചാൻസലർമാരുടെ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളുമായും ജീവനക്കാരുടെ പ്രതിനിധികളുമായും ചർച്ച ചെയ്തശേഷം യുക്തമായ തീരുമാനം എടുക്കുന്നതാണെന്ന് ഒരു പ്രസ്താവനയിലൂടെ ഗവൺമെന്റ് വ്യക്തമാക്കിയിരുന്നു. ഓപ്പൺ യൂണിവേഴ്സിറ്റിയെ സംബന്ധിച്ച് യാതൊരു ധാരണയുമുണ്ടായിട്ടില്ല.

(ബി) രാഷ്ട്രീയപാർട്ടികളുടെ പ്രതിനിധികളുമായി ഇതിനകം ചർച്ച നടത്തിക്കഴിഞ്ഞു. അംഗീകൃത സർവീസ് സംഘടനകളുടെ പ്രതിനിധികളുമായും യൂണിവേഴ്സിറ്റി ജീവനക്കാരുടെ പ്രതിനിധികളുമായും ചർച്ച നടത്താൻവേണ്ട നടപടികൾ എടുത്തുകഴിഞ്ഞു.

കേരള സർവകലാശാലയിലെ സാമ്പത്തിക പ്രതിസന്ധി

1426 [2158] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ ?

(എ) കേരള സർവകലാശാല കടുത്ത സാമ്പത്തിക പ്രതിസന്ധിയെ നേരിടുകയാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന് പരിഹാരം കാണാൻ എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) കേരള സർവകലാശാലയ്ക്ക് ഇപ്പോൾ സാമ്പത്തികമുട്ട് നേരിടേണ്ടി വരുന്നുണ്ടെന്നും സർവകലാശാല അറിയിച്ചിട്ടുണ്ട്.

(ബി) സർവകലാശാല ആവശ്യപ്പെട്ടതനുസരിച്ച് സർക്കാരിൽ നിന്നും നൽകേണ്ട ഗ്രാന്റ് മുൻകൂറായി നൽകിയിട്ടുണ്ട്.

കൊച്ചി സർവ്വകലാശാലയ്ക്ക് പ്രൊഫസർ മുണ്ടശ്ശേരിയുടെ പേര് നൽകാൻ നടപടി

1427. [2159] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് പ്രൊഫസർ ജോസഫ് മുണ്ടശ്ശേരിയുടെ പേര് നൽകാൻ നിർദ്ദേശമുണ്ടോ ;

(ബി) ഇക്കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly